**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 952 10.02.2016 -ലെ മറുപടിക്ക്.

**തൊഴിൽ വകുപ്പ് മുഖേന നൽകുന്ന പെൻഷൻ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പ് മുഖേന നൽകുന്ന ക്ഷേമനിധി പെൻഷനുകളിൽ ഇപ്പോൾ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് പെൻഷൻ തിരിച്ച് വ്യക്തമാക്കാമോ? | (എ) കർഷകത്തൊഴിലാളി പെൻഷൻ, അസംഘടിത തൊഴിലാളി പെൻഷൻ, മരം കയറ്റത്തൊഴിലാളി പെൻഷൻ എന്നിവയാണ് തൊഴിൽ വകുപ്പ് നേരിട്ട് വിതരണം നടത്തുന്ന പെൻഷനുകൾ. 2015 ഡിസംബർ വരെയുള്ള കർഷക തൊഴിലാളി പെൻഷൻ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് വിതരണ ത്തിനായി നിക്ഷേപിച്ചിട്ടുണ്ട്. 2015 മാർച്ച് വരെയുള്ള അസംഘടിതത്തൊഴിലാളി പെൻഷൻ ജില്ലാ ലേബർ ഓഫീസർമാർക്ക് വിതരണത്തിനായി നൽകിയിട്ടുണ്ട്. 2015 ഏപ്രിൽ മുതൽ നാളിതുവരെയുള്ള അസംഘടിതത്തൊഴിലാളി പെൻഷൻ കുടിശ്ശികയാണ്. 2015 സെപ്റ്റംബർ വരെയുള്ള മരംകയറ്റത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുള്ളതും അവശേഷിക്കുന്ന പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതും വിതരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |

Deepa

സെക്ഷൻ ഓഫീസർ